**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ എൻ.എച്ച്.എംപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ചാവക്കാട് താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഒ.പി. നവീകരണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം മുഖേന 1.22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ അനുമതിയായിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (ബി) | എൻ.എച്ച്.എം മുഖേന ഗുരുവായൂർ മണ്ഡലത്തിലെ വിവിധ ആശുപത്രികൾ,സബ്സെന്ററുകൾ എന്നിവിടങ്ങളിൽ നടത്തുന്നപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഗുരുവായൂർ മണ്ഡലത്തിലെ പുന്നയൂർ, എങ്ങണ്ടിയൂർ, പൂക്കോട്, തൈക്കാട്, അണ്ടത്തോട്, ഒരുമനയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ നഗര കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി പ്രകാരം ഗുരുവായൂർ എഫ്.എച്ച്.സിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, ഒരുമനയൂർ, നെന്മിനി, കടിക്കാട്, പൂക്കോട്, എടക്കഴിയൂർ എന്നീ സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | ചാവക്കാട് താലൂക്കാശുപത്രിയുടെ മാസ്റ്റർ പ്ലാൻ പ്രകാരം ഏതെങ്കിലും പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ;വ്യക്തമാക്കാമോ? | (സി) | ഇക്കാര്യത്തിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ